പത്രക്കുറിപ്പ്

# 2009-ലെ സംസ്ഥാന ചലച്ചിത്ര അവാർഡ് അപേക്ഷ ക്ഷണിച്ചു

2009-ലെ മലയാള ചലച്ചിത്രങ്ങൾക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡുകളുടെ നിർണ്ണയത്തിന് സംസ്ഥാന ചലച്ചിത്ര അക്കാദമി അപേക്ഷ ക്ഷണിച്ചു. 2009 ജനുവരി 1 മുതൽ ഡിസംബർ 31വരെ സെൻസർ ചെയ്യപ്പെട്ട കഥാചിത്രങ്ങൾ, ഡോക്യുമെന്ററി ചിത്രങ്ങൾ, കുട്ടികൾക്കുള്ള ചിത്രങ്ങൾ, ഹ്രസ്വകഥാചിത്രങ്ങൾ 2009-ൽ പ്രസാധനം ചെയ്ത ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങൾ, 2009-ൽ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ചലച്ചിത്ര സംബന്ധിയായ ലേഖനങ്ങൾ എന്നിവയാണ് അവാർഡിനു പരിഗണിക്കുക. അപേക്ഷാഫോറവും നിബന്ധനയും തിരുവനന്തപുരത്തുള്ള അക്കാദമിയുടെ ഓഫീസിൽനിന്നും, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ നിന്നും, കൊച്ചിയിലുള്ള ഫിലിം ചേംബർ ഓഫീസിൽനിന്നും 2010 ജനുവരി 2-ാം തീയതി മുതൽ ലഭിക്കും. തപാലിൽ ലഭിക്കുവാൻ 20 രൂപ സ്റ്റാമ്പ് ഒട്ടിച്ച സ്വന്തം മേൽവിലാസമെഴുതിയ കവർ സഹിതം സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, ശാസ്തമംഗലം, തിരുവനന്തപുരം - 10 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

പൂരിപ്പിച്ച അപേക്ഷ അക്കാദമി ഓഫീസിൽ ലഭിക്കേണ്ട അവസാനതീയതി 2010 ജനുവരി 21 ആണ്.

സെക്രട്ടറി

തിരുവനന്തപുരം

31-12-09

പത്രക്കുറിപ്പ്

# 2009-ലെ സംസ്ഥാന ചലച്ചിത്ര അവാർഡ്
# അവസാന തീയതി 21-01-2010

2008-ലെ മലയാള ചലച്ചിത്രങ്ങൾക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡുകളുടെ നിർണ്ണയത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2009 മാർച്ച് 4 ആണ്. 2008 ജനുവരി 1 മുതൽ ഡിസംബർ 31വരെ സെൻസെർ ചെയ്യപ്പെട്ട കഥാചിത്രങ്ങൾ, ഡോക്യുമെന്ററി ചിത്രങ്ങൾ, കുട്ടികൾക്കുള്ള ചിത്രങ്ങൾ, ഹ്രസ്വകഥാ ചിത്രങ്ങൾ 2008-ൽ പ്രസാധനം ചെയ്ത ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങൾ, 2008-ൽ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ചലച്ചിത്ര സംബന്ധിയായ ലേഖനങ്ങൾ എന്നിവയാണ് അവാർഡിനു പരിഗണിക്കുക. അപേക്ഷാഫോറവും നിബന്ധനയും തിരുവനന്തപുരത്തുള്ള അക്കാദമിയുടെ ഓഫീസിൽനിന്നും, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ നിന്നും, കൊച്ചിയിലുള്ള ഫിലിം ചേംബർ ഓഫീസിൽനിന്നും ലഭിക്കും. തപാലിൽ ലഭിക്കുവാൻ 15 രൂപ സ്റ്റാമ്പ് ഒട്ടിച്ച സ്വന്തം മേൽവിലാസമെഴുതിയ കവർ സഹിതം സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, ശാസ്തമംഗലം, തിരുവനന്തപുരം - 10 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

സെക്രട്ടറി

തിരുവനന്തപുരം
28-02-09